പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5255

24.10.2011-ൽ മറുപടിയ്ക്കു്

**പുല്ലുമേട് ദുരന്തം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി.സി. ജോർജ്ജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. വി.എസ്.ശിവകുമാർ,<br>ഗതാഗതവും ദേവസ്വവും<br>വകുപ്പു മന്ത്രി. |
| (എ) പുല്ലുമേട് ദുരന്തം പോലെയുള്ളവ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചു വരുന്നത്; | (എ) തീർത്ഥാടകരുടെ സുരക്ഷിതത്വം ഉറപ്പാക്കുവാനും ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും പോലീസ്, റവന്യൂ, വനം, ഫയർ ഫോഴ്സ് തുടങ്ങിയ വകുപ്പുകളുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ ഹൈ പവർ കമ്മിറ്റിയുടെ കീഴിൽ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പുല്ലുമേട് ദുരന്തം അന്വേഷിക്കാൻ നിയോഗിച്ചിട്ടുള്ള ജസ്റ്റിസ് ഹരിഹരൻ നായർ കമ്മീഷൻെറ ഇടക്കാല റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കാനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ശബരിമല തീർത്ഥാടനത്തിന് എത്തുന്ന അയ്യപ്പ ഭക്തർക്ക് എല്ലാവിധ സൗകര്യങ്ങളും നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) തീർത്ഥാടനത്തോടനുബന്ധിച്ച് പോലീസ്, ആരോഗ്യം, ഗതാഗതം, വാട്ടർ അതോറിറ്റി, ഫയർ ഫോഴ്സ്, ഇതര ഗവൺമെൻറ് വകുപ്പുകളുമായി സഹകരിച്ച് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നുണ്ട്. കൂടാതെ നിലയ്ക്കലിൽ പാർക്കിംഗ് ഗ്രൗണ്ടിൻെറയും അപ്രോച്ച് റോഡിൻെറയും പണികൾ, ദർശനം കഴിഞ്ഞ് മടങ്ങിവരുന്ന തീർത്ഥാടകരുടെ സൗകര്യ ത്തിനായി മാളികപ്പുറത്തിനു പടിഞ്ഞാറു ഭാഗത്തുള്ള പോലീസ് ബാരക്കിനു സമീപത്തു നിന്നും ചന്ദ്രാനന്ദൻ റോഡുവരെ കരസേനയുടെ സഹായത്തോടെ ബെയ്‌ലി ബ്രിഡ്ജും അപ്രോച്ച് റോഡും, മരക്കൂട്ടം ഭാഗത്ത് 'ക്യൂ' കോംപ്ലക്സ്, മരക്കൂട്ടത്തിനും ശരംകുത്തിക്കും ഇടയിലായി 'ക്യൂ' കോംപ്ലക്സ്, പമ്പയിൽ പുതുതായി ഒരു എമർജൻസി റോഡ്, പമ്പാ-മരക്കൂട്ടം പാതയിൽ നിലവിലുള്ള പന്തലുകൾക്കു പുറമേ പുതിയതായി നാലു പന്തലുകൾ എന്നിവ പുതുതായി നിർമ്മിച്ചിട്ടുണ്ട്. |
| (സി) ശബരിമല ഇടത്താവളങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്? | (സി) അയ്യപ്പ ഭക്തൻമാർക്ക് വിരിവയ്ക്കുന്നതിനും, കുടിവെള്ളം എത്തിക്കുന്നതിനും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ